"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - 11.12.2023-ൽ ഇടുക്കി ജില്ലയിലെ ദേവികുളം മണ്ഡലത്തിലെ നവകേരള സദസിൽ പങ്കെടുക്കാനെത്തി കുഴഞ്ഞു വീണ മരണപ്പെട്ട ശ്രീ.എ.ഗണേശന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (ഡി.ആർ.എഫ് - എ) വകുപ്പ്

സ.ഉ.(കൈ) നം.60/2024/RD തീയതി,തിരുവനന്തപുരം, 07-03-2024

പരാമർശം:- ഇടുക്കി ജില്ലാകളക്ടറുടെ 15/12/2023-ലെ DCIDK/7322/2023-A5 നമ്പർ കത്ത്

**ഉത്തരവ്**

2023 ഡിസംബർ 11 ന് ഇടുക്കി ജില്ലയിലെ അടിമാലിയിൽ വച്ച് ദേവികുളം മണ്ഡലത്തിലെ നവകേരള സദസിൽ പങ്കെടുക്കാൻ എത്തി കുഴഞ്ഞു വീണ മരണപ്പെട്ട ശ്രീ എ.ഗണേശന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനായി പരാമർശം പ്രകാരം ജില്ലാ കളക്ടർ കത്ത് സമർപ്പിച്ചിരുന്നു. മരണപ്പെട്ട ശ്രീ. ഗണേശൻ ന്യൂ ഡിവിഷൻ ലോക്ഹാർട്ട് എസ്റ്റേറ്റ് ദേവികുളം എന്ന വിലാസത്തിൽ ക്വാർട്ടേഴ്സിൽ ആയിരുന്നു താമസിച്ചിരുന്നത്. ടിയാനും കുടുംബവും പട്ടികജാതിയിൽ ഉൾപ്പെട്ടതാണെന്നും, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ സഹായം ലഭിക്കുന്നതിന് അപേക്ഷ നല്കുന്നതിനായിട്ടാണ് നവകേരള സദസിൽ എത്തിയിട്ടുള്ളതെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട് .

2) പരേതന്റെ മാതാപിതാക്കളായ അർജ്ജുനൻ, മുനിയമ്മാൾ എന്നിവർ കെ.ഡി.എച്ച്.പി കമ്പനി തൊഴിലാളികൾ ആയിരുന്നെന്നും, വിരമിച്ചതിനു ശേഷം തൊഴിലുറപ്പ് പദ്ധതിയിൽ ജോലിക്കു പോകുന്നതായും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. അവിവാഹിതനായിരുന്ന ഗണേശൻ(40 വയസ്സ്) കുടുംബത്തിന്റെ വരുമാനദായകനായിരുന്നുവെന്നും ഗണേശന്റെ മരണത്തോടുകൂടി കുടുംബം തികച്ചും പരിതാപകരമായ അവസ്ഥയിലാണെന്നും, നിലവിൽ കുടുംബം ഭവനരഹിതരാണെന്നും കുടുംബത്തിന് അർഹമായ സാമ്പത്തിക സഹായം അനുവദിക്കാവുന്നതാണെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി ജില്ലയിലെ അടിമാലിയിൽ വച്ച് നടന്ന ദേവികുളം മണ്ഡലത്തിന്റെ നവകേരള സദസിൽ പങ്കെടുക്കാൻ എത്തി കുഴഞ്ഞു വീണ മരണപ്പെട്ട ശ്രീ.എ.ഗണേശന്റെ കുടുംബത്തിന് (മാതാപിതാക്കളായ ശ്രീ.അർജ്ജുനൻ, ശ്രീമതി.മുനിയമ്മാൾ എന്നിവർക്ക്) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 5 ലക്ഷം രൂപ അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) വിതരണത്തിന് ആവശ്യമായി വരുന്ന തുകയായ 5,00,000/-രൂപ (അഞ്ചു ലക്ഷം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ

സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും ഇടുക്കി ജില്ലാ കളക്ടറുടെ അക്കൗണ്ടിലേക്ക് അനുവദിക്കുന്നതാണ്. ജില്ലാ കളക്ടർ തുക വിതരണം ചെയ്തതിനുശേഷം വിവരം സർക്കാരിനെ അറിയിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ജില്ലാ കളക്ടർ, ഇടുക്കി
ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം.നം.2107 തീയതി 06-03-2024 പ്രകാരം
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
V D Omana
Date: 07-03-2024 16:18:08
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 06-03-2024

ഫയൽ നം. REV-DRF-A5/11/2024/REV. ഇനം നം: 2107

വിഷയം : റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - 11.12.2023-ൽ ഇടുക്കി ജില്ലയിലെ ദേവികുളം മണ്ഡലത്തിന്റെ നവകേരള സദസ്സിൽ പങ്കെടുക്കാനെത്തി കുഴഞ്ഞു വീണു മരണപ്പെട്ട ഗണേശന്റെ കുടുംബത്തിന് ധനസഹായം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം പരിഗണിച്ചു. അഞ്ച് ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുവാൻ തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

6/3

2107

# കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | REV-DRF-A5/1/2024-REV |
| 2 | വകുപ്പ് | : | റവന്യൂ (ഡിആർഎഫ്-എ) വകുപ്പ് |
| 3 | വിഷയം | : | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി- 1/12/2023-ൽ ഇടുക്കി ജില്ലയിലെ ദേവികുളം മണ്ഡലത്തിന്റെ നവകേരള സദസിൽ പങ്കെടുക്കാനെത്തി കുഴഞ്ഞു വീണു മരണപ്പെട്ട ഗണേശന്റെ കുടുംബത്തിന് ധനസഹായം നൽകുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 01/3/2024 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യത ഉള്ളതാണോ | : | അതെ |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം മന്ത്രിസഭായോഗ ത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചി ച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | : | ശ്രീമതി.മിനിറാണി .കെ |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ടിങ്കു ബിസ്വാൾ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 04/03/2024 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വേണു.വി |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | | 05/03/2024 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ . കെ .രാജൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 05/03/2024 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 05/03/2024 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | : | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

2023 ഡിസംബർ 11 ന് ഇടുക്കി ജില്ലയിലെ അടിമാലിയിൽ വച്ച് ദേവികുളം മണ്ഡലത്തിന്റെ നവകേരള സദസിൽ പങ്കെടുക്കാൻ എത്തി കുഴഞ്ഞു വീണു മരണപ്പെട്ട എ.ഗണേശന്റെ കുടുംബത്തിന് ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) പരേതനായ ഗണേശൻ ന്യൂ ഡിവിഷൻ ലോക് ഹാർട്ട് എസ്റ്റേറ്റ് ദേവികുളം എന്ന വിലാസത്തിലെ ക്വാർട്ടേഴ്സിലാണ് താമസിച്ചിരുന്നതെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പരേതന്റെ കുടുംബം പട്ടികജാതിയിൽ ഉൾപ്പെട്ടതാണെന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ സഹായം ലഭിക്കുന്നതിന് അപേക്ഷ നല്കുന്നതിനായിട്ടാണ് നവകേരള സദസിൽ എത്തിയതെന്നും ജില്ലാ കളക്ടർ അറിയിക്കുകയുണ്ടായി. സി.എം.ഒ പോർട്ടൽ മുഖേന ശ്രീ.അർജ്ജുനൻ മുനിയമ്മാൾ (ഗണേശന്റെ മാതാപിതാക്കൾ)അപേക്ഷ സമർപ്പിച്ചിരുന്നു. മരണസർട്ടിഫിക്കറ്റ്, എഫ്.ഐ.ആർ, പോസ്റ്റ്മോർട്ടം റിപ്പോർട്ട് തുടങ്ങിയ രേഖകൾ ഉള്ളടക്കം ചെയ്തിട്ടുണ്ട്.

3) ജില്ലാ കളക്ടറുടെ റിപ്പോർട്ട് പ്രകാരം പരേതന്റെ മാതാപിതാക്കളായ അർജ്ജുനൻ,മുനിയമ്മാൾ എന്നിവർ കെ.ഡി.എച്ച്.പി കമ്പനി തൊഴിലാളികൾ ആയിരുന്നെന്നും,വിരമിച്ച ശേഷം തൊഴിലുറപ്പ് പദ്ധതിയിൽ ജോലിക്കു പോകുന്നതായും വ്യക്തമായിട്ടുണ്ട്. അവിവാഹിതനായിരുന്ന ഗണേശൻ കുടുംബത്തിന്റെ ഏക വരുമാനദായകനായിരുന്നു. ടി കുടുംബത്തിന്റെ വാർഷിക വരുമാനം 36000/-രൂപയാണ്. ഗണേശന്റെ മരണത്തോട് കൂടി കുടുംബം തികച്ചും പരിതാപകരമായ അവസ്ഥയിലാണെന്നും, നിലവിൽ കുടുംബം ഭവനരഹിതരാണെന്നും, ടി കുടുംബത്തിന് അർഹമായ സാമ്പത്തിക സഹായം അനുവദിക്കാവുന്നതാണെന്നും, തഹസീൽദാർ ശുപാർശ ചെയ്തിട്ടുണ്ടെന്നുള്ള വിവരം കൂടി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) ഇതൊരു സ്പെഷ്യൽ കേസ് ആയി പരിഗണിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനായി ഫയൽ സമർപ്പിച്ചു. ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

2023 ഡിസംബർ 11 ന് ഇടുക്കി ജില്ലയിലെ ദേവികുളം മണ്ഡലത്തിൽ നടന്ന നവകേരള സദസിൽ പങ്കെടുക്കാൻ എത്തി കുഴഞ്ഞു വീണ മരണപ്പെട്ട എ.ഗണേശന്റെ (40 വയസ്സ്) കുടുംബത്തിന് മാനുഷികപരിഗണനയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കാമോ ?എങ്കിൽ എത്ര തുക ?